LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ

190 [3160] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ ചാരുംമൂട്ടിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) പന്തളം നിയോജകമണ്ഡലത്തിലെ ചാരുംമൂട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. എന്നാൽ സംസ്ഥാനത്ത് പുതിയതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാലിസ്റ്റിൽ 9-ാമതായി പന്തളം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പന്തളം മെഡിക്കൽ മിഷൻ ജംഗ്ഷന് സമീപം എം. സി. റോഡിനോട് ചേർന്ന് ഒരു സ്വകാര്യവ്യക്തിയുടെ കെട്ടിടം വാടകയ്ക്കെടുത്ത് തരുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചതനുസരിച്ച് പന്തളത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രജിസ്ട്രേഷൻ നിലവിലുള്ള പ്രസിദ്ധീകരണങ്ങൾ

191 [3161] *ശ്രീ. എ. എ. അസീസ്:*
" *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂസ്പേപ്പർ രജിസ്ട്രേഷൻ ഫോർ ഇന്ത്യയുടെ രജിസ്ട്രേഷന് എത്ര പ്രസിദ്ധീകരണങ്ങളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്;

(ബി) അവ ഏതെല്ലാമാണെന്ന് ഭാഷ തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

ജനപഥം പ്രസിദ്ധീകരണം

192 [3162] *ശ്രീ. തോമസ് ഉണ്ണിയാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണമായ ജനപഥത്തിൽ കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക ഭരണതലങ്ങളിൽ പ്രോജ്വലിച്ചുനിന്ന വ്യക്തികളെക്കുറിച്ച് അനുസ്മരണങ്ങൾ ഉൾപ്പെടുത്തുന്നതിൽ വിവേചനം കാണിക്കുന്നകാര്യം അന്വേഷിക്കുമോ; ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;